# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4367 — 13/12/2018 ൽ മറുപടിക്ക്

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിലെ നിയമനങ്ങൾ</u>**

ചോദ്യം — മറുപടി

ശ്രീ.അനിൽ അക്കര

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ 2017 മുതൽ ഇതുവരെ സ്ഥിരമായും താൽക്കാലികമായും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് നിയമനങ്ങൾ നടന്നിട്ടുള്ളത്; | (എ) യും (ബി) | 2017 മുതൽ ഇതുവരെ സ്ഥിരമായും താൽക്കാലികമായും നടന്ന നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | നിയമനം ലഭിച്ചവരുടെ പേര്, വിലാസം, യോഗ്യത, നിയമനം ലഭിച്ച തസ്തിക, നിയമനം ലഭിച്ച കോളേജ് എന്നിവ വ്യക്തമാക്കാമോ; ഇവർക്ക് നൽകി വരുന്ന ശമ്പളത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ; | | |
| (സി) | പ്രസ്തുത നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. 31/08/2015, 09/03/2016 എന്നീ തീയതികളിലെ ആർ.ഒ.സി. 8468/15/കോളേജ് വിജ്ഞാപന പ്രകാരമാണ് പരസ്യം നല്കിയത് . യോഗ്യതമാനദണ്ഡങ്ങൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡ് കോളേജുകളിലേക്ക് ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷാ ഫീസിനത്തിൽ ബോർഡിന് എത്ര രൂപ ലഭിച്ചു; പ്രസ്തുത നിയമനം | (ഡി) | അപേക്ഷ ക്ഷണിച്ചിരുന്നു. ആകെ 1943 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ ഫീസിനത്തിൽ ആകെ 4,85,500/- രൂപ (നാല് ലക്ഷത്തി എൻപത്തയ്യായിരത്തി അഞ്ഞൂറ് രൂപ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾക്കായി സർക്കാർ നോമിനിയെ ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | നടപടികൾ നടന്നുവരുന്നുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ